**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം.**

വിഷയം:- ആരോഗ്യവകുപ്പ്- ജീവനക്കാര്യം- മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലം മാറ്റം 2025 - ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് തസ്തികയിലെ കരട് പട്ടിക പ്രസിദ്ധീകരിച്ചു ഉത്തരവാകുന്നു.

പരാമർശം:- 1. സ.ഉ (പി ) നം. 03/ 2017/ ഉ. ഭ .പ .വ തീയതി 25.02.2017.

2. സ.ഉ (സാധാ) നം. 729/2025/H&FWD തീയതി 11.03.2025.

3.സർക്കുലർ നം. ഇ.എച്ച് 1- 28887/2024/ആ.വ.ഡ തീയതി 14.03.2025.

4. ജീവനക്കാർ SPARK മുഖേന സമർപ്പിച്ച അപേക്ഷകൾ.

**ഉത്തരവ് നം. ഇ.ബി1-9934/2025/ആ.വ.ഡ തീയതി : 28-04-2025**

മേൽ പരാമർശം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽ 2025 ലെ പൊതു സ്ഥലം മാറ്റം നടപ്പിലാക്കുന്നതിനായി ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. അപ്രകാരം ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് തസ്തികയിലുള്ള മെഡിക്കൽ ഓഫീസർമാർ സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ തയാറാക്കിയ കരട് പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

2. കരട് പട്ടികയിന്മേൽ എന്തെങ്കിലും പരാതി/ആക്ഷേപം ഉള്ളവർ ഹർജി തയാറാക്കി സ്ഥാപന മേധാവി മുഖാന്തിരം അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് 05.05.2025 ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി നൽകേണ്ടതാണ്. ജില്ലാ മെഡിക്കൽ ഓഫീസർമാർ ഹർജികൾ പരിശോധിച്ചു

അഭിപ്രായക്കുറിപ്പ് സഹിതം **07.05.2025** ന് വൈകുന്നേരം **5** മണിയ്ക്ക് മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിയ്ക്കു ശേഷം ലഭിക്കുന്ന ഹർജികൾ പരിഗണിക്കുന്നതല്ല.

**3.** പരാമർശം **(1)** ഉത്തരവിൽ പറഞ്ഞിരിക്കുന്ന പരിഗണകൾ സംബന്ധിച്ചും ഗുരുതരമായ രോഗങ്ങൾ, മറ്റ് അനുകമ്പാർഹമായ സാഹചര്യങ്ങൾ എന്നിവ ലഭിക്കുന്നതിനുള്ള അപേക്ഷകളോടൊപ്പം ആയത് തെളിയിക്കുന്നതിനുള്ള സാക്ഷ്യപ്പെടുത്തിയ രേഖകൾ/ സർട്ടിഫിക്കറ്റുകൾ (മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് /**3** മാസത്തിനുള്ളിൽ ലഭ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റ്) എന്നിവ ഹാജരാക്കേണ്ടതാണ്.

**4.** ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ യഥാസമയം ഹർജികൾ ഫോർവേഡ് ചെയ്യാത്തത് കാരണം അന്തിമ പട്ടികയിൽ നിന്നും ഏതെങ്കിലും മെഡിക്കൽ ഓഫീസർമാർ ഒഴിവാക്കപ്പെടുകയാണെങ്കിൽ ആയത് സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർക്കായിരിക്കും.

Signed by
Reena K J
Date: 28-04-2025 16:58:26

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ.

പകർപ്പ് : **1.** എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും .

**2.** ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് .

**3.** ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.

**4.** ഫയൽ/ കരുതൽ ഫയൽ.

**Government of Kerala**
**Department: Health Services**
**Norms Based General Transfer for Consultant, General Medicine**
**Draft Report**

| Sl. No | PEN | Name | Designation | Office Transferred from | Office Transferred to | Remarks |
|---|---|---|---|---|---|---|
| **District : Kollam** | | | | | | |
| 1 | 593378 | Dr. Gireesh G S | Consultant, General Medicine (15 Yrs HG) | District Hospital (A A Rahim Memorial), Kollam | General Hospital, Thiruvananthapuram | |
| **District : Idukki** | | | | | | |
| 2 | 501622 | Dr. Gokul G | Consultant, General Medicine | District Hospital, Thodupuzha | Taluk Head Quarters Maharajas Hospital, Karuvelippadi | Open Vacancy |

Signed by
Reena K J
Date: 28-04-2025 16:57:53

**Director of Health Services**